7H9

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - **കൊല്ലം ജില്ല** - ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================================

**റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്**

**സ.ഉ.(സാധാ) നം:5714/16/റവ.** **തിരുവനന്തപുരം, തീയതി, 28.12.2016**

==================================================================================

**പരാമർശം:** 1. ശ്രീ.കുഞ്ഞച്ചൻ, പുത്തൻപറമ്പിൽ, ഇടപ്പനയം എന്നയാളുടെ 13.04.2016-ലെ അപേക്ഷ.

2. കൊല്ലം ജില്ലാ കളക്ടറുടെ 08.10.2016-ലെ N2-54314/2016 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം, കുന്നത്തൂർ, പാറക്കടവ്, ഇടപ്പനയം, പുത്തൻപറമ്പിൽ ശ്രീ.കുഞ്ഞച്ചന്റെ മകളായ കുഞ്ഞുമോൾ, ചെറുമകളായ രശ്മി എന്നിവർ പള്ളിക്കലാറ്റിൽ വീണ് മരണമടഞ്ഞതിനെ തുടർന്ന് ആശ്വാസ ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് **2,00,000/- രൂപ (രണ്ടു ലക്ഷം രൂപ മാത്രം)** ധനസഹായം മരണമടഞ്ഞവരുടെ നിയമപരമായ അവകാശികൾക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. വിതരണത്തിനാവശ്യമായിവരുന്ന **2,00,000/- രൂപ (രണ്ടു ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തുക **കൊല്ലം ജില്ലാ കളക്ടർക്ക്** നൽകേണ്ടതും ജില്ലാ കളക്ടർ പ്രസ്തുത തുക അപേക്ഷകയ്ക്ക് രണ്ടാഴ്ചയ്ക്കകം നൽകി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ. ടി.കെ.**
**ഡെപ്യൂട്ടി സെക്രട്ടറി**

**ജില്ലാ കളക്ടർ, കൊല്ലം.**
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**